Dated : 24/08/2021

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടികൊണ്ട് പോയി ബലാൽസംഗം ചെയ്ത യുവാവ് പോക്സോ പ്രകാരം അറസ്റ്റിൽ

കൊല്ലം : പതിനാലുകാരിയായ പെൺകുട്ടിയെ തട്ടികൊണ്ട് പോയി ബലാൽസംഗം ചെയ്തയാൾ പോലീസ് പിടിയിലായി. പത്തനംതിട്ട ഏനാത്ത് ഏനാദിമംഗലം കുറുമ്പക്കര ചരുവിള വടക്കതിൽ ശശി മകൻ ശരത്ത് (24) ആണ് പോലീസ് പിടിയിലായത്. മൂന്ന് മാസങ്ങൾക്ക് മുമ്പ് വീട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വന്ന ഇയാൾ പെൺകുട്ടിക്ക് രഹസ്യമായി മൊബൈൽ ഫോൺ വാങ്ങി കൊടുത്ത് ചങ്ങാത്തതിലാകുകയായിരുന്നു. തുടർന്ന് 22.08.2021 രാത്രി 11 മണിക്ക് പെൺകുട്ടിയെ മൊബൈൽ ഫോണിൽ ബന്ധപ്പെട്ട് ഇയാൾ വിളിച്ചിറക്കി മോട്ടോർ സൈക്കിളിൽ ഇയാളുടെ വീടിനടുത്തുള്ള ഷെഡിൽ എത്തിച്ച് ബലാൽസംഗം ചെയ്യുകയായിരുന്നു. പോലീസ് നടത്തിയ ഊർജ്ജിതമായ അന്വേഷണത്തിൽ പെൺകുട്ടിയേയും പ്രതിയേയും കണ്ടെത്തുകയായിരുന്നു. വൈദ്യ പരിശോധനയിൽ പെൺകുട്ടി പീഡിപ്പിക്കപ്പെട്ടതായി കണ്ടതിനെ തുടർന്ന് ഇയാൾക്കെതിരെ പോക്സോ പ്രകാരവും ബലാൽസംഗത്തിനും തട്ടികൊണ്ട് പോകലിനും കേസ് രജിസ്റ്റർ ചെയ്യുകയായിരുന്നു. ഇയാളെ റിമാന്റ് ചെയ്തു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ്സിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ചാത്തന്നൂർ അസിസ്റ്റന്റ് കമ്മീഷണർ ഗോപകുമാർ.ബി, കൊട്ടിയം ഇൻസ്പെക്ടർ ജിംസ്റ്റൽ എം.സി എസ്സ്.ഐമാരായ സംഗീത എസ്.ആർ, അഷ്ടമൻ പി.ജി, എ.എസ്സ്.ഐ സുനിൽകുമാർ, എസ്സ്.സി.പി.ഓ ബുഷ്റാമോൾ എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

